(ബി) സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മിനറൽ വാട്ടർ കമ്പനികളുടെ പ്രവർത്തനവും ഉൽപന്നങ്ങളുടെ ഗുണനിലവാരവും പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കുപ്പിവെള്ളത്തിന്റെ വിപണന വില ഏകീകരിക്കുന്നതിനും അമിതവില ഈടാക്കുന്നത് തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്.

(ബി) സംസ്ഥാനത്തു വിൽക്കുന്ന കുപ്പിവെള്ളം നിശ്ചിത ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുള്ളതും നിശ്ചിതഗുണനിലവാരമില്ലാത്തതോ അൺ സെയ്ഫ് ആയോ കണ്ടെത്തുന്ന ഉല്പന്നത്തിന്റെ ഉൽപാദന വിതരണ വിൽപ്പന കേന്ദ്രങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സിവിൽ സപ്ലൈസിന്റെ ആലപ്പുഴ ജില്ലയിലെ വില്പന കേന്ദ്രങ്ങൾ

205(3089) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ പുതുതായി എത്ര വില്പന കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും ആയത് എവിടെയെല്ലാമെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ ജില്ലയിൽ ലാഭകരമല്ലാത്തതായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിർത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ)

1.	മാവേലി സ്റ്റോർ	58 എണ്ണം
2.	സൂപ്പർ മാർക്കറ്റ്	34 എണ്ണം
3.	പീപ്പിൾസ് ബസാർ	1 എണ്ണം
4.	മെഡിക്കൽ സ്റ്റോർ	13 എണ്ണം
5.	എൽ.പി.ജി. ഔട്ട് ലെറ്റ്	1 എണ്ണം
6.	പെട്രോൾ ബങ്ക്	1 എണ്ണം
7.	മൊബൈൽ മാവേലി സ്റ്റോർ	1 എണ്ണം
	ആകെ	109 എണ്ണം

(ബി)

1. കട്ടനാട് താലൂക്കിലെ പുളിങ്കുന്ന് മാവേലി സ്റ്റോർ
2. കാർത്തികപ്പള്ളി താലൂക്കിലെ കരുവാറ്റ മാവേലി സ്റ്റോർ
3. മൊബൈൽ മാവേലി സ്റ്റോർ, ചേർത്തല (അരൂർ)

(സി) സപ്ലൈകോയുടെ പ്രവർത്തന ലക്ഷ്യം പൊതുവിപണിയിൽ സജീവമായി ഇടപെട്ട് അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യത്തിന് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനും അതുവഴി പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് ആശ്വാസമേകണം എന്നതാണ്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 20 മുതൽ 60% വരെ വിലകുറച്ച് സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്യുവരുന്നു. മാത്രവുമല്ല സപ്ലൈകോയുടെ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് കേരളത്തിന്റെ പിന്നോക്ക പ്രദേശങ്ങളിലാണ്. മേൽ സാഹചര്യത്തിൽ സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവയുടെ ലാഭനഷ്ട കണക്കുകൾ പ്രത്യേകമായി കണക്കാക്കാറില്ല ആയതിനാൽ തന്നെ ലാഭകരമല്ല എന്ന കാരണത്താൽ മേൽ വിൽപ്പനശാലകളുടെ പ്രവർത്തനം നിർത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly